LIBRARY ARCHIVES Kerala Legislative Assembly

ഒരേ യോഗ്യത വരുന്ന തസ്തികകളിലേക്ക് പി.എസ്.സി. ഒറ്റ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന രീതി

53 (3684) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ യോഗ്യത വരുന്ന തസ്തികകളിലേക്ക് ഒറ്റ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി. തീരുമാനമെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ പരീക്ഷകളാണെന്ന് വിശദമാക്കാമോ ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, സാനിട്ടറി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിലേക്ക് നിലവിൽ ഏതൊക്കെ വകുപ്പുകളിലാണ് അപേക്ഷ ക്ഷണിക്കാറുള്ളത്; ഓരോന്നിന്റെയും യോഗ്യതാ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) കൂടുതൽ പരീക്ഷകൾ നടത്തുന്നതുമൂലം പി.എസ്.സി.-ക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സമാന യോഗ്യതയുള്ള വിവിധ വകുപ്പുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിലേക്ക് ഒറ്റപ്പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തികയിലേക്ക് ഒറ്റപ്പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ വേതനവ്യവസ്ഥയിലെ ന്യൂനത പരിഹരിക്കാൻ നടപടി

54 (T3685) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളായി വരുന്നവർക്ക് രണ്ടുതരം വേതനവ്യവസ്ഥ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ-സി) ഉണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളായി വരുന്നവർക്ക് രണ്ടുതരം വേതന വ്യവസ്ഥയാണ് നിലനിൽക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് പി.എസ്.സി.-യിൽ നിന്ന് വിരമിച്ച ചില അംഗങ്ങളും നിലവിലെ ചില അംഗങ്ങളും നൽകിയ നിവേദനങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കോംപോസിഷൻ ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ് ഓഫ് മെമ്പേഴ്സ് ആന്റ് സ്റ്റാഫ്) റെഗുലേഷൻസ് 1957 പ്രകാരവും ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 315-320-ലെ വ്യവസ്ഥകൾ പ്രകാരവുമാണ് പി.എസ്.സി. അംഗങ്ങളുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത്. ആകെയുള്ള മെമ്പർമാരുടെ എണ്ണത്തിന്റെ പകുതി മെമ്പർമാർ സംസ്ഥാന/കേന്ദ്ര സർക്കാർ ജീവനക്കാരായി 10 വർഷമെങ്കിലും സേവനം അനുഷ്ഠിച്ചിട്ടുള്ളവരായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ സർവ്വീസിൽനിന്ന് പി.എസ്.സി. അംഗമായി വന്നവർക്ക് സർക്കാർ സേവനത്തിനനുസരിച്ചോ, പി.എസ്.സി.-യിലെ സേവനത്തിന് അനുസരിച്ചോ ഉള്ള വേതനം/പെൻഷൻ സ്വയം തെരഞ്ഞെടുക്കാനുള്ള അവസരമുണ്ട്. ഇക്കാരണത്താലാണ് രണ്ടുതരം വേതന വ്യവസ്ഥ നിലനിൽക്കുന്നത്. ഈ വ്യവസ്ഥകൾ അംഗീകരിച്ചു കൊണ്ടാണ് ഓരോ പി.എസ്.സി. അംഗവും ചുമതലയേൽക്കുന്നത്.

പ്രീ സർവ്വീസ് പരിശീലനം

55 (3686) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം തസ്തികകളിലാണ് പ്രീ സർവ്വീസ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രീ സർവ്വീസ് പരിശീലനം സർവ്വീസായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭ്യമായ വിവരങ്ങൾ പ്രകാരം കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തിക വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തിക വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക; സർവ്വേയും ഭൂരേഖയും വകുപ്പിലെ സർവ്വേ സൂപ്രണ്ട് തസ്തിക, ലാന്റ് റവന്യൂ വകുപ്പിലെ പി.എസ്.സി. മുഖേന നേരിട്ട് നിയമനം ലഭിക്കുന്ന ഡെപ്യൂട്ടി കളക്ടർ തസ്തിക, സിവിൽ സപ്ലൈസ് വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ,

LIBRARY ARCHIVES Kerala Legislative Assembly